POWERS OF THE LOCAL FOOD ADVISORY COMMITTEE

254. Choudhury G. S Dhara Singh *(Mattancheri)*: Will Government be pleased to state.—

Do the Government propose to widen the powers of the Local Food Advisory Committees; if so, what are the further powers to be vested in them?

Mr. P. Govinda Menon *(Minister for Food and Education)*:

No.

SCAVANGERS' VAN—LEAKAGE OF

255. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) തോട്ടികൾ ഉപയോഗിക്കുന്ന വാഹനകളിലും പാത്രങ്ങളിലുമുള്ള ദ്വാരങ്ങളിൽക്കൂടി, സമീപസ്ഥലങ്ങളിലേക്കുപോലും ദുർഗ്ഗന്ധം പരക്കുമാറ് അവക്കകത്തുള്ള മലിന പദാർത്ഥങ്ങൾ എറണാകുളത്തുള്ള മിക്ക റോഡുകളിലും വളരെക്കാലമായി നെടുനീളെ ഒലിച്ചു വീണുകൊണ്ടിരിക്കുന്നതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുകയൊ ഏതെങ്കിലും പെടുത്തുകയൊ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തൽപരിഹാരാർത്ഥം ഗവൺമെണ്ട് എടുത്ത നടപടികൾ എന്തെല്ലാം?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) തോട്ടികൾ ഉപയോഗിക്കുന്ന ചില വാഹനകളിൽ അവിചാരിതമായി ഉണ്ടായ ദ്വാരങ്ങളിൽക്കൂടി മലിന പദാർത്ഥങ്ങൾ ചില റോഡുകളിൽ വീണതായിട്ട് മുനിസിപ്പാലിറ്റിയുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

(ബി) അതുകൾ അപ്പപ്പോൾതന്നെ ശരിപ്പെടുത്തിയിട്ടുമുണ്ട്.

ADMISSION OF STUDENTS—DETAILS REGAREING

256. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽ നിന്നും സദയം മറുപടി പറയുമോ.—

(എ) വിദ്യാലയങ്ങളിൽ പുതുതായി ചേരുവാനുള്ള വിദ്യാർത്ഥികളെ മദ്ധ്യവേനൽ അവധികാലത്തുതന്നെ സ്കൂളുകളിൽ ചേർക്കേണ്ടതാണെന്നു കാണിച്ചു ഗവൺമെണ്ട് ഇക്കൊല്ലം ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ആവശ്യം എന്തായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) വിദ്യാലയങ്ങൾ തുറന്ന ഉടനെ തന്നെ ക്രമപ്രകാരം പഠനം തുടങ്ങുവാൻ.

CONDITION OF MATTANCHERI, ROADS AND GUTTERS

257. ചൌധരി ജി. എസ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരി പട്ടണത്തിലെ റോഡുകളും തോടുകളും കാനകളും മറ്റും എത്രയും മോശമായ സ്ഥിതിയിൽ കിടക്കുന്നതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കുപ്പലണ്ടിമുക്കിൽനിന്നും മട്ടാഞ്ചേരി ബസാർവരെയുള്ള റോഡു ടാറിട്ടു കാത്തിൽ മുനിസിപ്പാലിറ്റി ഗവൺമെണ്ടിനോടു സഹായധനം ആവശ്യപ്പെട്ടിരുന്നുവോ;

(സി) ഉണ്ടെങ്കിൽ അതിനെസംബന്ധിച്ചു എന്തു നടപടി എടുത്തു?

LIBRARY ARCHIVES Kerala Legislative Assembly